# കേരള സർക്കാർ

## സംഗ്രഹം

വനം വകുപ്പ് - 20.10.82-ൽ പത്തനാപുരം ഡിപ്പോയിൽ നടന്ന തടിലേലം - ലേലവ്യവസ്ഥകളിൽ വീഴ്ചവരുത്തിയ മെസ്സേഴ്സ് കെ . മിഡ്‌ലാന്റ് ടിം ർ ഡിപ്പോ , കിഴക്കേക്കര നാഗർകോവിൽ എന്ന സ്ഥാപനത്തെ ബ്ളാക്ക് ലിസ്റ്റ് ചെയ്തുകൊണ്ടു ഉത്തരവു പുറപ്പെടുവുക്കുന്നു

---

വനം, വന്യജീവി (ഡി) വകുപ്പ്

സർക്കാർ ഉത്തരവ്, (സാധാ) ന443/94വനം                    തീയതി , തിരുവനന്തപുരം 01.11.1994

---

പരാമർശം    ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 18.7.94 ലെ എഫ്‌യു (3) 12807/94- ാം നംപർ കത്ത്

## ഉത്തരവ്

26.10.82 ൽ പത്തനാപുരം ഡിപ്പോയിൽ നടന്ന മെസ്സേഴ്സ് കെ.കെ.മിഡ്‌ലാന്റു ടിം ർ ഡിപ്പോ, കിഴക്കേക്കര, നാഗർകോവിൽ എന്ന സ്ഥാപനം 91,305/- രൂപയുടെ തടി ലേലം കൊളളുകയു ം 5,000/- രൂ ഭാഗിക വിലയായി അടക്കുകയും ചെയ്തു. ബാക്കി തുകയും നികുതികളും യഥാസമയം അടക്കുന്നതിൽ വീഴ്ചവരുത്തി അതുകൊണ്ടു ടി തടി പ്രസ്തുത സ്ഥാപനത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്തു. ഈ പുനൽലേലത്തിൽ സർക്കാരിനു 23,984/- രൂ യുടെ നഷ്ടമുണ്ടാക്കി. ഈ തുക റവന്യൂ റിക്കവറിവഴി ഈടാക്കാൻ നടപടികളാരംഭിച്ചെങ്കിലും ലേലക്കാരൻ സ്ഥലം ഉപേക്ഷിച്ച് പോയതിനാൽ ഈടാക്കാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ ടിയാനിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള തുക കിട്ടാക്കടമായി എഴുതിത്തള്ളുന്നതിനുള്ള ടിയാനെ വനം വകുപ്പിന്റെ ഇടപാടുകളിൽ നിന്നും സ്ഥിരമായി ബ്ളാക്ക് ലിസ്റ്റ് ചെയ്യുന്നതിനും പരാമർശത്തിലൂടെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിരിക്കുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പത്ത്നാപുരം ഡിപ്പോയിൽ നടന്ന പുനർലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം 23,984/- രൂ (ഇരു ത്തിമൂവായിരത്തി തൊള്ളായിരത്തി എൻപത്തി നാലുരൂപ) എഴുതിത്തള്ളിക്കൊണ്ടുടും ഈ സഷ്ടത്ത ിനു ഉത്തരവാദികളായ മെസ്സേഴ്സ് കെ.കെ. മിഡ്‌ലാന്റ് ടിംപർ ഡിപ്പോ നാഗർകോവിൽ എന്ന സ്ഥാപനത്തെ വനം വകുപ്പിന്റെ ഇടപാടുകളിൽ നിന്ന് സ്ഥിരമായി ബ്ളാക്ക് ലിസ്റ്റ് ചെയ്തുകൊണ്ടു ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്. ഭവാനി ദേവി

പ്രിൻസിപ്പൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ)
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

ഇണ്ടാസ് നം . എഫ്. യൂ (3) -12807/94

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്
തിരുവനന്തപുരം, തീയതി 28.11.94

പകർപ്പ് :    ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ . . . . . . . .
വൈൽഡ് ലൈഫ് വാർഡൻ . . . . . . . . .
അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സാമൂഹ്യ വന വൽകരണം
ഫോറസ്റ്റ് കൺസർവേറ്റർ
ടൈഗർ കോട്ടയം / ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി,
കോഴിക്കോട്/പ്രി. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജി)/ചീഫ് ഫോറസ്റഅറ് കൺസർവേറ്റർ (വിജിലൻസ്)/ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി)/

പകർപ്പ്:    സി/എ/ബി/ഡി/എഫ്/എൽ